**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 185** **10-06-2024 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ വിവിധ ആശുപത്രികളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിലെ കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോന്നി താലൂക്ക് ആശുപത്രികളിൽ ലക്ഷ്യ പദ്ധതി നിലവാരത്തിലുള്ള ലേബർ റൂമിന്റെയും ഗൈനക്കോളജി വാർഡിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | **കോന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ലക്ഷ്യ പദ്ധതിക്കായി 2.076 കോടി രൂപയുടെ ഭരണാനുമതി 27/04/2022-ൽ നൽകിയിട്ടുണ്ട്. KEL എന്ന ഏജൻസിക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. നിലവിൽ 40 ശതമാനം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ഇന്റേണൽ പാർട്ടീഷൻ വർക്കുകൾ പൂർത്തീകരിച്ചു. കൂടാതെ ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിച്ചു വരുന്നു. ടി പദ്ധതി ഉടനെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ ലക്ഷ്യ പദ്ധതി പ്രകാരം സെപ്റ്റംബർ 2023-ൽ ഗൈനക്കോളജി വിഭാഗം ഒ.പി, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവയുടെ പണികൾ ആരംഭിക്കുകയും ഒ.പി-യുടെ ജോലികൾ 95% പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സാമ്പത്തിക സഹായം വൈകുന്നതിനാൽ ലേബർ റൂം ആന്റ് ഓപ്പറേഷൻ തീയേറ്റർ ജോലികൾ മന്ദഗതിയിലാണ്.** |
| (ബി) | കോന്നി താലൂക്ക് ആശുപത്രിയിലെ ഐ ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | കോന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഐ ഓപ്പറേഷൻ തീയേറ്റർ പദ്ധതിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി **നൽകിയിട്ടുണ്ട്.** KSIE എന്ന ഏജൻസിക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. KSIE ടി വർക്ക് ടെൻഡർ ചെയ്യുകയും 21.02.2024-ൽ ടെൻഡർ അംഗീകാരം നൽകിയതുമാകുന്നു. എന്നാൽ ടി പദ്ധതിക്കായി നിഷ്കർഷിച്ച സ്ഥലത്താണ് നിലവിൽ ആശുപത്രിയുടെ താൽക്കാലിക ഒ.പി പ്രവർത്തിച്ചു വരുന്നത്. ആശുപത്രിയുടെ പുതിയ ഒ.പി നവീകരണ പ്രവൃത്തികൾ ഉടനെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഒ.പി നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ ഒ.പി പുതിയ സ്ഥലത്തേക്ക് മാറുകയും, ഐ ഓപ്പറേഷൻ തീയറ്ററിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനും സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കോന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കൂടൽ, മലയാലപ്പുഴ, മൈലപ്ര, കൊക്കത്തോട്, വള്ളിക്കോട്, ചിറ്റാർ സി.എച്ച്.സി., കോന്നി റ്റി.എച്ച്.ക്യൂ.എച്ച്., കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നീ ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (സി) | പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി

1. കുടുംബാരോഗ്യ കേന്ദ്രം മൈലപ്ര – കുടുംബാരോഗ്യ കേന്ദ്രം മൈലപ്രയുടെ പുതിയ കെട്ടിടത്തിനായി 1.43 കോടി രൂപയുടെ ഭരണാനുമതി NHM വഴി 12/06/2023-ന് ലഭിച്ചതാണ്. KSCC എന്ന ഏജൻസിക്കാണ് പദ്ധതി നിർവ്വഹണ ചുമതല. നിലവിൽ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിച്ചു വരുന്നു.

2. കുടുംബാരോഗ്യ കേന്ദ്രം കൊക്കാത്തോട് – കുടുംബാരോഗ്യ കേന്ദ്രം കൊക്കാത്തോടിന്റെ പുതിയ കെട്ടിടത്തിനായി 1.248 കോടി രൂപയുടെ ഭരണാനുമതി NHM വഴി 08/12/2022-ന് ലഭിച്ചതാണ്. WAPCOS എന്ന ഏജൻസിക്കാണ് പദ്ധതി നിർവ്വഹണ ചുമതല. നിലവിൽ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിച്ചു വരുന്നു.

3. കുടുംബാരോഗ്യ കേന്ദ്രം വള്ളിക്കോട് – കുടുംബാരോഗ്യ കേന്ദ്രം വള്ളിക്കോടിനെ സി.എച്ച്.സി ആയി ഉയർത്തുന്നതിന് 68.50 ലക്ഷം രൂപയുടെ ഭരണാനുമതി NHM വഴി 31/02/2023-ന് ലഭിച്ചതാണ്. KESNIK എന്ന ഏജൻസിക്കാണ് പദ്ധതി നിർവ്വഹണ ചുമതല. നിലവിൽ റൂഫ് സ്ലാബ് കോൺക്രീറ്റ് വർക്കുകൾ ഉൾപ്പെടെ 45% നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചതാകുന്നു.

4. കുടുംബാരോഗ്യ കേന്ദ്രം കൂടൽ

   (i) ഒ.പി കെട്ടിടം രണ്ടാം നില – ഫസ്റ്റ് ഫ്ലോർ (ആദ്യ പകുതി) – ഒ.പി കെട്ടിടത്തിന്റെ മുകൾ നിലയുടെ ആദ്യ പകുതി കോന്നി MLA – യുടെ ഫണ്ട് 25 ലക്ഷം രൂപ മാത്രം വിനിയോഗിച്ച് നടന്നു. ടി കെട്ടിടത്തിന്റെ floor tiles, Electrical, Plumbing, Painting എന്നീ പ്രവൃത്തികൾ നടത്തിയിട്ടില്ല.

   (ii) ഒ.പി കെട്ടിടം രണ്ടാം നില – ഫസ്റ്റ് ഫ്ലോർ (രണ്ടാം പകുതി) – ഒ.പി കെട്ടിടത്തിന്റെ മുകൾ നിലയുടെ രണ്ടാം പകുതി കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത് ഫണ്ട് ഇരുപത്തിനാല് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം വിനിയോഗിച്ച് നടത്തി വരുന്നു. പ്രവൃത്തികൾ 2024 മാർച്ചിൽ ആരംഭിച്ചു. നിലവിൽ റൂഫ് കോൺക്രീററ് കഴിഞ്ഞു.

   (iii) NABARD ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം – ആകേ അടങ്കൾ തുക ആറ് കോടി അറുപത്തിരണ്ട് ലക്ഷം രൂപ ആണ്. PWD മുഖേന പ്രവൃത്തികൾ നടന്നു വരുന്നത്. കെട്ടിടം പണിയുന്നതിനായി സൈറ്റിൽ ഉള്ള അധിക മണ്ണ് പാറ എന്നിവ പൊട്ടിച്ചു മാറ്റി, സൈറ്റ് ക്ലീയർ ചെയ്തു വരുന്നു. ടി സൈറ്റിന്റെ സംരക്ഷണ ഭിത്തി കോൺക്രീറ്റ് ചെയ്തു വരുന്നു.

   (iv) ഒ.പി കെട്ടിടം ഒന്നാം നില – ഗ്രൗണ്ട് ഫ്ലോർ ഒ.പി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം LSGD ഫണ്ട് 50 ലക്ഷം രൂപ മാത്രം വിനിയോഗിച്ച് നടന്നു. ടി കെട്ടിടം ഉദ്ഘാടനം നടന്നു. കലഞ്ഞൂർ LSGD AE അണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയത്.

5. കുടുംബാരോഗ്യ കേന്ദ്രം മലയാലപ്പുഴ – ആകെ അടങ്കൽ തുക ഏഴ് കോടി അറുപത്തിരണ്ട് ലക്ഷം രൂപ ആണ്. PWD മുഖേന പ്രവൃത്തികൾ നടന്നു വരുന്നു. അടിത്തറ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്ലിന്ത് ബീം വർക്ക് പുരോഗമിക്കുന്നു.

6. സി.എച്ച്.സി ചിറ്റാർ – ഒ.പി കെട്ടിട നിർമ്മാണം MLA ഫണ്ട് ഒരു കോടി ഇരുപത് ലക്ഷം രൂപ വിനിയോഗിച്ച് ആരംഭിച്ചു. നിലവിൽ പ്രവൃത്തികൾ State Plan Funds രണ്ട് കോടി രൂപ മാത്രം വിനിയോഗിച്ച് പുനഃആരംഭിച്ചിരിക്കുന്നു. PWD ആണ് പ്രവൃത്തികൾ നടത്തി വരുന്നത്. നിലവിൽ ഒന്നാം നിലയുടെ ഫ്ലോറിങ് ഒഴികെ മറ്റ് പ്രവൃത്തികൾ പൂർത്തിയായിരിക്കുന്നു..

7. കോന്നി താലൂക്ക് ആസ്ഥാന ആശുപത്രി – ബഹു, കോന്നി MLA യുടെ ഫണ്ട് ഏഴ് കോടി അൻപത് ലക്ഷം രൂപ ഉപയോഗിച്ച് നടത്തിവരുന്ന അഞ്ച് നില കെട്ടിടത്തിന്റെ നിർമ്മാണ

പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും ലിഫ്റ്റ് ഹെഡ് റൂം, സ്റ്റെയർ കേസ്സ് ഹെഡ് റൂം, പെയിന്റിംഗ്, പ്ലംബിംഗ് എന്നിവ പൂർത്തീകരിക്കാനുണ്ട്. ഇലക്ട്രിക്ക് വിഭാഗത്തിന്റെ ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ല.

8. കോന്നി സർക്കാർ മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം 2021 – ൽ പൂർത്തീകരിച്ചു. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിൽ ഉൾപ്പെട്ട Boys Hostel, Girls Hostel, Dean villa തുടങ്ങിയവ പൂർണ്ണമായും പൂർത്തീകരിച്ചു. Residential Quarters Type A,B,C,D എന്നിവ ദ്രുതഗതിയിൽ പണി നടക്കുന്നു. Auditorium, Laundry Block എന്നിവയുടെ പണികൾ പുരോഗമിക്കുന്നു. Hospital Extension (200 Bed) Academic Block (Extension) എന്നിവയുടെ പണികൾ ദ്രുതഗതിയിൽ നടക്കുന്നു. അഡീഷണൽ Phase 1 നിർമ്മാണ പ്രവർത്തനത്തിൽ 300 KLD STP വർക്കുകൾ പുരോഗമിക്കുന്നു.